പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5031 — 27.06.2019 ൽ മറുപടിക്ക്

## ഉഡാൻ പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.പാറക്കൽ അബ്ദുല്ല | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ ഉഡാൻ പദ്ധതിയിൽ കോഴിക്കോട് വിമാനത്താവളത്തെയും ഉൾപ്പെടുത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | കോഴിക്കോട് വിമാനത്താവളത്തെ ഉഡാൻ പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ ഉന്നയിച്ചിട്ടില്ല. എന്നാൽ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഡൽഹി - കോഴിക്കോട് റൂട്ടിൽ സർവ്വീസ് നടത്തുന്നതിന് ഇൻഡിഗോ എയർ ലൈൻസിന് അനുമതി നൽകിയിട്ടുണ്ട്. സർവ്വീസ് ആരംഭിച്ചിട്ടില്ല. |
| (ബി) | ഉഡാൻ പദ്ധതിയിൽ ഉൾപ്പെടുന്നതോടെ കുറഞ്ഞ ചെലവിൽ യാത്രക്കാർക്ക് ആഭ്യന്തര വിമാനയാത്രകൾ നടത്താനാകുമെന്ന നേട്ടമുണ്ടോ; | (ബി) യും (സി) യും | ഉണ്ട്. റീജിയണൽ കണക്ടിവിറ്റി സ്കീം (ആർ.സി.എസ്.സ്കീം- ഉഡാൻ) ലെ വ്യവസ്ഥകൾക്കനുസൃതമായി എയർ ലൈൻ ഓപ്പറേറ്റർമാരുടെ സഹായത്തോടെ ആഭ്യന്തര റൂട്ടുകളിൽ ചെലവ് കുറഞ്ഞ വിമാനയാത്ര സാധ്യമാകുമെന്ന് കരുതുന്നു. |
| (സി) | എങ്കിൽ ഒരു മണിക്കൂറിന് 2500 രൂപ എന്ന നിരക്കിൽ രാജ്യത്തെ വിവിധ നഗരങ്ങളിലേക്ക് സഞ്ചരിക്കാനാകുമെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (ഡി) | എങ്കിൽ ഇതിനായി സർക്കാർ കേന്ദ്ര വ്യോമയാന മന്ത്രാലയത്തിൽ ഇതിനകം സമ്മർദ്ദം ചെലുത്തുക ഉണ്ടായോ; | (ഡി) യും (ഇ) യും | ആഭ്യന്തര വിമാന സർവ്വീസ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കോഴിക്കോട് വിമാനത്താവളത്തിൽ നിന്നും ഉഡാൻ സ്കീമിൽ ഉൾപ്പെടുത്തി കോഴിക്കോട് - തിരുവനന്തപുരം - കോഴിക്കോട്, കോഴിക്കോട് - പൂന - കോഴിക്കോട് തുടങ്ങിയ റൂട്ടുകളിൽ വിമാന സർവ്വീസ് നടത്തുന്നതിനുള്ള നടപടികൾ എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ സ്വീകരിച്ചുവരുന്നു. |
| (ഇ) | ഇല്ലെങ്കിൽ ഭാവിയിൽ ഇതിനായി കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ; വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ